പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2388 12.6.2018 ലെ മറുപടിക്ക്

## പരമ്പരാഗത കയർ വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർ വ്യവസായത്തിന്റെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) സമ്പൂർണ്ണ ആധുനീകരണത്തിന് നടപടികൾ ത്വരിതഗതിയിൽ കൈക്കൊള്ളുന്നതിനൊപ്പം പരമ്പരാഗതമേഖലയെ സംരക്ഷിക്കുകയും ചെയ്യുക എന്ന നയമാണ് സർക്കാർ സ്വീകരിക്കുന്നത്.പരമ്പരാഗതമേഖലയിൽ ഉല്പാദിപ്പിക്കുന്ന കയറും കയർ ഉല്പന്നങ്ങളും പരിധിയില്ലാതെ പൊതുമേഖലാസ്ഥാപനങ്ങൾ വഴി സംഭരിക്കുകയാണ്.കയറിനും കയർ ഉല്പന്നങ്ങൾക്കും ഡിമാന്റ് വർധിപ്പിക്കുന്നതിനുള്ള ആസൂത്രിത നടപടികളും സ്വീകരിച്ച വരുന്നു.<br>കയർ തൊഴിലാളികൾക്കുള്ള ക്ഷേമ ആനുകൂല്യങ്ങൾ വർധിപ്പിക്കുകയും കൃത്യമായി നൽകുകയും ചെയ്തു പോരുന്നുണ്ട്.ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള വിവിധ സ്കീമുകൾ നടപ്പിലാക്കി വരുന്നു. |
| ബി) കയറിന് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാനും ഈ രംഗത്ത് തൊഴിൽ ചെയ്യുന്നവർക്ക് സ്ഥിര ജോലിയും മാന്യമായ വേതനവും ലഭിക്കത്തക്ക രീതിയിലും ഈ വ്യവസായം പുന:സംഘടിപ്പിക്കാൻ തയ്യാറാകുമോ? | ബി) കയർ മേഖലയിലെ രണ്ടാം പുന:സംഘടനയുടെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. 2017 -ൽ നടന്ന "കയർ കേരള " അന്താഷ്ട്ര മേളയോടനുബന്ധിച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിയ്ക്ക് ധാരണാപത്രം ഒപ്പവച്ച് വിജയകരമായി നടപ്പാക്കിവരുന്നു. ചകിരി ഉൽപ്പാദന- കയർപിരി- ഉൽപ്പാദക മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.<br><br>ചകിരി ദൗർലഭ്യമാണ് കയർമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കാനായി കയറിന്റെ രണ്ടാം പുനസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ |

| | |
|---|---|
| | സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർമേഖലയിലെ രണ്ടാം പുനസംഘടന ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനസംഘടന നടപ്പിലാക്കുന്നത്.<br><br>ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.<br><br>കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് 12 കോടി രൂപ പ്രവർത്തന മൂലധനമായി 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 417 കയർ സഹകരണ സംഘങ്ങൾക്ക് 8.76 കോടി രൂപ നൽകിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344/- രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 എച്ച്.പി.യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000/- രൂപ കയർ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിക്കുകയും മെഷിനുകളുടെ വിതരണം ആരംഭിക്കുകയും ചെയ്തു. |

| | |
|---|---|
| | കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000/- രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇൻറഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും കയർ മെഷിനറി ഫാക്ടറിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ